ओ ३ म्

# ദയാനന്ദ സന്ദേശം

*വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം*


**വൈദിക-ദാർശനിക മാസിക**

**ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)**

**വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!**




**പുസ്തകം : 1 ലക്കം 1 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 ആഷാഢം– ശ്രാവണം 1188 മിഥുനം – കർക്കിടകം 2013 ജൂലായ്**



## മുഖവാണി

## ദയാനന്ദ സന്ദേശം

**ആ**ര്യ സന്ദേശത്തിന് ഒരു വയസ്സ് തികഞ്ഞിരിക്കുന്നു. വേദജ്ഞാനത്തെ സാധാരണ ജനങ്ങളിലെത്തിക്കുക എന്നതോടൊപ്പം ഭാരതീയ സംസ്കൃതിയെയും രാഷ്ട്ര ഭക്തിയെയും പ്രോജ്ജ്വലിപ്പിക്കുക എന്നതാണല്ലൊ ആര്യ സന്ദേശത്തിന്റെ ലക്ഷ്യം. ലളിതമായ രീതിയിൽ ആരംഭിച്ച ഈ മഹത് സംരംഭത്തിന് വായനക്കാരിൽ നിന്ന് ലഭിച്ച പ്രോത്സാഹനത്തിനും സഹായങ്ങൾക്കും ആര്യ സന്ദേശം കടപ്പെട്ടിരിക്കുന്നു.

2013 ജൂലൈ ലക്കം മുതൽ 'ആര്യ സന്ദേശം' ഔദ്യോഗികമായി ലഭിച്ച 'ദയാനന്ദ സന്ദേശം' എന്ന പേരിലായിരിക്കും പ്രസിദ്ധീകരിക്കപ്പെടുക. ജാതി – മത – വർഗ്ഗ – ഗോത്ര വ്യത്യാസങ്ങളില്ലാത്ത സമത്ത്വസുന്ദരമായ ഒരു സാമൂഹ്യ വ്യവസ്ഥിതിയാണ് വേദകാലത്തുണ്ടായിരുന്നത്. അതുകൊണ്ടാണല്ലൊ മഹർഷി ദയാനന്ദൻ 'വേദങ്ങളിലേക്ക് മടങ്ങുക' എന്ന് ആഹ്വാനം ചെയ്തത്. 'കൃണ്വന്തോ വിശ്വമാര്യം' (സമസ്ത ലോകത്തെയും ശ്രേഷ്ടമയമാക്കുക) എന്ന വേദോപദേശത്തെ സാക്ഷാത്കരിക്കുക മാത്രമാണ് ഇന്ന് ലോകം നേരിടുന്ന അസഹിഷ്ണുതയ്ക്കും വിഭാഗീയതയിക്കും തീവ്രവാദങ്ങൾക്കും ഉള്ള പരിഹാരമാർഗ്ഗം.

വേദപ്രചാരണത്തിന് വേണ്ടി സ്വജീവിതം സമർപ്പിച്ച ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരിയുടെ ആത്മകഥ ഖണ്ഡശഃയായി ഈ ലക്കം മുതൽ പ്രസിദ്ധീകരിക്കുന്നു. അദ്ദേഹത്തിന്റെ അമൂല്യമായ സാമവേദഭാഷ്യവും, ലഭ്യമായ മറ്റ് കൃതികളും ലേഖനങ്ങളും ക്രമേണ ഈ പത്രികയിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്.

1920 ൽ ഒറ്റപ്പാലത്തുള്ള കീഴാനെല്ലൂർ മനയിൽ നാരായണൻ നമ്പൂതിരിയുടേയും നങ്ങേലി അന്തർജനത്തിന്റെയും പുത്രനായി ജനിച്ച അദ്ദേഹം വേദജ്ഞാന സമ്പാദനത്തിനായി ലാഹോറിലെത്തി. മഹാ ജ്ഞാനികളും യോഗികളുമായിരുന്ന സ്വാമി ആത്മാനന്ദയുടേയും സ്വാമി വിദ്യാനന്ദയുടേയും കീഴിൽ വൈദിക സാഹിത്യങ്ങളിൽ ആഴമേറിയ ജ്ഞാനം സമ്പാദിച്ചു. കൂടാതെ 7 ഭാഷകളിൽ അസാധാരണ പാണ്ഡിത്യവും നേടി. ഭാരതവിഭജനകാലത്ത് ഗുരുകുലത്തിലെ എടുത്തുകൊണ്ട് യാത്രചെയ്യാൻ കഴിയുന്നത്ര ഗ്രന്ഥങ്ങളും വാരിക്കെട്ടി ഇന്ത്യയിലെത്തി. നാട്ടിലെത്തിയ അദ്ദേഹം ഗൃഹസ്ഥനായി ശിഷ്ടകാലം വേദപ്രചാരണത്തിലും ഗ്രന്ഥരചനയിലും മാത്രം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ വിശിഷ്ട രചനകളെ ജിജ്ഞാസുക്കൾ നെഞ്ചോടു ചേർക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ കരകമലങ്ങളാലായിരുന്നു ആര്യസന്ദേശത്തിന്റെ ആദ്യ ലക്കം 2012 ജൂൺ മാസത്തിൽ പുറത്തിറക്കിയത്. ഇന്നദ്ദേഹം നമ്മോടൊപ്പം ഇല്ല. അദ്ദേഹത്തിനുള്ള സ്മരണാഞ്ജലിയായി ദയാനന്ദ സന്ദേശം ആദ്യ ലക്കം പുറത്തിങ്ങുകയാണ്. തുടർന്നും മാന്യവായനക്കാരുടെ എല്ലാവിധ സഹായസഹകരണങ്ങളും ദയാനന്ദ സന്ദേശത്തിന് ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുന്നു.

**– പത്രാധിപർ**

## വേദാദ്ധ്യയനം



*ഋഷിഃ മധുഛന്ദാഃ, ദേവതാ ഇന്ദ്രവായു; ഛന്ദഃ ഗായത്രീ, സ്വരഃ ഷഡ്ജഃ*

*വായവിന്ദ്രശ്ച ചേതഥഃ സുതാനാം വാജിനീ വസൂ |*

*താവാ യാതമുപ ദ്രവത് || (ഋഗ്വേദം 1. 2. 5)*

**പദാർത്ഥം** അല്ലയോ (വായോ) ജ്ഞാനസ്വരൂപനായ ഈശ്വരാ! അങ്ങയാൽ ധാരണം ചെയ്യപ്പെട്ട (വാജിനീ വസു) പ്രാതഃകാലത്തിനു തുല്യ പ്രകാശമാനനും (ഇന്ദ്രശ്ച) പൂർവ്വോക്ത സൂര്യലോകവും വായുവും (സുതാനാം) അങ്ങയാൽ ഉത്പന്നം ചെയ്യപ്പെട്ട പദാർത്ഥങ്ങളെ (ചേതഥഃ) ധാരണവും പ്രകാശവും ചെയ്തിട്ട് ജീവികൾക്ക് ദൃഷ്ടിഗോചരമാക്കി തീർക്കുന്നു. ഇതേ കാരണത്താൽ (ദ്രവത്) ശീഘ്രതയാൽ (ആയാതമുപ) ആ പദാർത്ഥങ്ങളുടെ സമീപത്ത് വസിക്കുന്നു.

**ഭാവാർത്ഥം** പരമേശ്വരന്റെ സത്തയുടെ അവലംബത്താൽ ഇന്ദ്ര വായുക്കൾ തങ്ങളുടെ കാര്യങ്ങൾ ചെയ്യുന്നതിന് സാമർത്ഥ്യമുള്ളവരായി തീരുന്നു. ഇതാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നത്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്. |*

*തർജ്ജമ : കെ. എം. രാജൻ)*

### സ്വാമി ദയാനന്ദൻ എന്റെ ഗുരു

സ്വാമി ദയാനന്ദൻ എന്റെ ഗുരുവാണ്. ഈ ലോകത്തിൽ അദ്ദേഹത്തെയാണ് ഞാൻ ഗുരുവായി കാണുന്നത്. അദ്ദേഹം എന്റെ ധർമ്മത്തിന്റെ പിതാവാണ്. ആര്യസമാജം എന്റെ ധർമ്മത്തിന്റെ മാതാവാണ്. ഈ രണ്ടു പേരുടെയും മടിത്തട്ടിൽ വളർന്നുവന്ന എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും, എന്റെ ഗുരു എനിക്ക് സ്വാതന്ത്ര്യത്തിന്റെ പാഠം പഠിപ്പിച്ചു തന്നുവെന്ന്.

**പഞ്ചാബ് കേസരി ലാലാ ലജ്പത്റായ്**

**മനുർഭവ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# യജുർവേദവും യജ്ഞവും

*– യുധിഷ്ഠിര മീമാംസക്*



**വൈ**ദിക കാലത്ത് യജ്ഞം സർവ്വോത്കൃഷ്ടമായ ഒരു കർമ്മമായി കണക്കാക്കിയിരുന്നു. അന്ന് യജ്ഞം ഇന്നത്തെപോലുള്ള അഗ്നിഹോത്രമോക്രിയകളോ അല്ലായിരുന്നു. യജ്ഞം ചെയ്തിരുന്നത് അഗ്നിയിൽ അല്ലായിരുന്നു താനും. അന്ന് യജ്ഞം ദേവപൂജ, സംഗതികരണം, ദാനം എന്നീ 3 രൂപത്തിലാണ് ചെയ്തിരുന്നത്. അന്നത്തെ മാനവസമൂഹത്തെ അനുപ്രാണിതമാക്കിയതും ഇവ തന്നെയാണ്. കാലാന്തരത്തിൽ ഈ ത്രിമുഖ ഭാവനയെ കൂടുതൽ ലോകപ്രിയമാക്കാൻ വേണ്ടി വിശേഷ അവസരങ്ങളിൽ സമയോചിതമായ വേദമന്ത്രങ്ങൾ ഉപയോഗിച്ച് വാസ്തവിക അഗ്നി (അഗ്രണീർ ഭവതീതി അഗ്നി: പരമാത്മാവ്) ആയ പരമാത്മാവിനെലക്ഷീകരിച്ച് ലാക്ഷണിക രൂപത്തിൽ ഘൃതാദി പദാർത്ഥങ്ങൾ ഭൗതിക അഗ്നിയിൽ ഹോമിക്കാൻ തുടങ്ങി. ഇത് യഥാർത്ഥ യജ്ഞത്തിന്റെ ഉപലക്ഷണം മാത്രമാണ്. കാലക്രമത്തിൽ ഈ ക്രിയകൾ യജ്ഞമായി മാറി.

വൈദിക കാലത്തെ ആര്യന്മാർ കാമക്രോധലോഭ മോഹാദി ദുർവൃത്തികളെ 'പശു' എന്നാണ് വിളിച്ചിരുന്നത്. ഇങ്ങനെയുള്ള മാനവീയ പശുഭാവങ്ങളെ നിർമ്മൂലനം ചെയ്യാനായി ജ്ഞാനം, സാധനാ, തപം, ജപം തുടങ്ങിയ യജ്ഞകർമ്മങ്ങൾ ആരംഭിച്ചു. കാലാന്തരത്തിൽ വൈദികവിധി വാക്യങ്ങൾക്കു അവരവർക്കു തോന്നിയതായ അർത്ഥം എടുക്കാൻ തുടങ്ങി. തന്മൂലം ഈശ്വരീയ ജ്ഞാനമായ വേദത്തിന്റെ പേരിൽ പശുക്കളെ കൊന്ന് യജ്ഞം നടത്താൻ തുടങ്ങി. കാമക്രോധാദികളായ പശുക്കളെ കൊല്ലേണ്ടതിനു പകരം ജീവനുള്ള പശുക്കളെ കൊന്ന് യജ്ഞം ചെയ്യാൻ തുടങ്ങി. ധർമ്മത്തിന്റേയും വേദത്തിന്റേയും പേരിൽ നടക്കുന്ന ഈ ക്രൂരവും നിന്ദ്യവുമായ കർമ്മങ്ങൾ കണ്ടിട്ട്, പശുക്കളെ കൊന്ന് യജ്ഞം നടത്തിയാൽ സ്വർഗ്ഗപ്രാപ്തി ഉണ്ടാകാമെങ്കിൽ ഒരു യജമാനൻ എന്തുകൊണ്ട് മാതാപിതാക്കളെ കൊന്ന് യജ്ഞം നടത്തി അവരെ സ്വർഗത്തേക്ക് അയക്കുന്നില്ല? പശുക്കളെ കൊന്ന് യജ്ഞം നടത്തി സ്വർഗ്ഗം നേടാമെങ്കിൽ പിന്നെ നരക പ്രാപ്തിക്ക് എന്തു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നും ചോദിക്കാൻ തുടങ്ങി.

വേദങ്ങളുടെ പേരിൽ ഇത്ര ക്രൂരവും നിന്ദ്യവുമായ കർമ്മങ്ങൾ ചെയ്യാൻ തുടങ്ങിയപ്പോൾ ആ വേദങ്ങളെ സാധാരണ ജനങ്ങൾ വെറുക്കാൻ തുടങ്ങി. അത് എഴുതിയവർ ധൂർത്തന്മാരും രാക്ഷസന്മാരുമാണെന്ന് പറയാൻ തുടങ്ങി.

*'ത്രയോ വേദസ്യ കർത്താരോ*

*ധൂർത്ത ഭാണ്ഡ നിശാചരാഃ'*

ഇങ്ങനെയുള്ള വേദങ്ങൾ ഈശ്വരീയ ജ്ഞാനങ്ങളാണെന്ന് പറയാൻ കഴിയുമോ? ഈശ്വര ജ്ഞാനം ഇതാണെങ്കിൽ അങ്ങനെയുള്ള ഈശ്വരനോട് ഭക്തിയുണ്ടാകുന്നതെങ്ങനെ?

ഇങ്ങനെയുള്ള അനർത്ഥങ്ങളുടെ പ്രതികരണമായിട്ടാണ് ബൗദ്ധ, ജൈന, ചാർവാക മതങ്ങൾ ഉടലെടുത്തത്. ഈ മൂന്നു കൂട്ടരും (ഈശ്വരനിലും വേദങ്ങളിലും ആസ്ഥയില്ലാത്തവർ) പരമതത്തിൽ അസഹിഷ്ണുക്കളുമായിരുന്നു.


*(അവസാനിച്ചു)* ●

**സത്യാർത്ഥ പ്രകാശം–ഹിന്ദുത്വത്തിന്റെ രക്ഷാകവചം**

മഹർഷി ദയാനന്ദൻ സ്വാതന്ത്ര്യത്തിലെ യോദ്ധാവും ഹിന്ദുജാതിയുടെ രക്ഷകനുമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ ആര്യസമാജികളുടെ സംഭാവന വളരെ ഉന്നതമാണ്. മഹർഷിയാൽ രചിക്കപ്പെട്ട അമരഗ്രന്ഥം 'സത്യാർത്ഥപ്രകാശം' ഹിന്ദു ജനതയുടെ – വിപ്ലവകാരികളുടെ – സിരകളിൽ ഉഷ്ണരക്തം പോലെ വ്യാപരിച്ചു. സത്യാർത്ഥപ്രകാശത്തിനു മുന്നിൽ ഒരു വിധർമ്മിക്കും പിടിച്ചുനിൽക്കാനാവില്ല.

**വീർ സാവർക്കർ**

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

**(വൈദികധർമ്മ പ്രശ്നോത്തരി)**

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

*പാഠം– 5*

## *വർണ്ണ ധർമ്മം*

***ചോദ്യം:*** എന്നാൽ ശൂദ്രകുലത്തിൽ ജനിച്ച ഒരാൾക്ക് ബ്രാഹ്മണനാവാനാകുമോ? മറിച്ച് ബ്രാഹ്മണ കുലത്തിൽ പിറന്നൊരാൾക്ക് ശൂദ്രനായിതീരാമോ?

***ഉത്തരം:*** തീർച്ചയായും. ശൂദ്രകുലത്തിൽ ജനിച്ച ഒരാൾക്ക് മുകളിൽ വിവരിച്ച ബ്രാഹ്മണരുടെ ഗുണങ്ങൾ ഉണ്ടെങ്കിൽ അതായത് വിദ്വാൻ, ധർമ്മാത്മാവ്, സദാചാരി, ത്യാഗി, തപസ്വി എന്നിവരായി അധ്യാപകൻ, ഉപദേശകൻ എന്നീ ജോലികൾ ചെയ്യാവുന്നതാണ്. ഈ ജന്മത്തിൽ തന്നെ അദ്ദേഹത്തെ ബ്രാഹ്മണനായി പറയാം. മറിച്ച് ബ്രാഹ്മണകുലത്തിൽ ജനിച്ചിട്ടുപോലും ബുദ്ധിരഹിതനും, അപവിത്രമായ ജീവിതം നയിക്കുന്നവനും ജീവിതാർജ്ജനത്തിനായി വേലക്കാരന്റെ പണി ചെയ്യുകയും അയാളുടെ ഉള്ളിൽ ബ്രാഹ്മണോചിതമായ ശാന്തി, ക്ഷമ, സരളത, സംയമം (മനസ്സിനേയും ഇന്ദ്രിയങ്ങളേയും വശത്താക്കുക) തുടങ്ങിയ ഗുണങ്ങൾ ഇല്ലെങ്കിൽ അയാൾ ബ്രാഹ്മണനല്ല, ശൂദ്രനാണ്.

***ചോദ്യം:*** ഈ ശാസ്ത്രീയ സിദ്ധാന്തങ്ങൾ ഇന്നത്തെ ജനങ്ങൾ അംഗീകരിക്കാനിടയില്ല. അവയുടെ ആചരണവും നടത്താൻ സാധ്യതയില്ല. അതിനാൽ ഈ വിഷയത്തേ ഒന്നുകൂടി സ്പഷ്ടമാക്കുന്നതിന് ഏതാനും പ്രമാണങ്ങൾ നൽകിയാലും.

***ഉത്തരം:*** മഹാഭാരതത്തിൽ യക്ഷനും നഹുഷനും യുധിഷ്ഠിരനോടും, ഭരദ്വാജൻ ഭൃഗുവിനോടും ഈ വിഷയത്തേക്കുറിച്ച് പ്രശ്നങ്ങൾ ചോദിച്ചിട്ടുണ്ട്. ബ്രാഹ്മണാദികളുടെ ലക്ഷണത്തേ കുറിച്ച് പറഞ്ഞിട്ട് (ഇത് മുകളിൽ വിവരിച്ചിട്ടുണ്ട്) ധർമ്മരാജനും ഭൃഗുവും പറയുന്നു.

*ശൂദ്രേ ചൈതദ് ഭവേല്ലക്ഷ്മ, ദ്വിജേ തഞ്ച ന വിദ്യതേ |*

*ന വൈ ശൂദ്രോ ഭവേച്ഛൂദ്രോ, ബ്രാഹ്മണോ ബ്രാഹ്മണോ ന ച ||*

(വനപർവ്വം അധ്യായം 180, ശാന്തിപർവ്വം അധ്യായം 189)

☞

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40–2)*

നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!

*ന കുലേ ന ജാത്യാ വാ, ക്രിയാഭിർബ്രാഹ്മണോ ഭവേത് |*
*ചാണ്ഡാലോപി ഹി വൃത്തസ്ഥോ ബ്രാഹ്മണോ യജ്ഞപുംഗവഃ ||*

(വനപർവ്വം 313)

സത്യം, ദാനം, ക്ഷമ, ശീലം എന്നീ ലക്ഷണങ്ങൾ ബ്രാഹ്മണകുലത്തിൽ ജനിച്ചവനിൽ ഇല്ലെങ്കിലോ ശൂദ്രകുലത്തിൽ ജനിച്ചവനിൽ കാണുന്നുവെങ്കിലോ ആ ബ്രാഹ്മണൻ ബ്രാഹ്മണനുമല്ല, ആ ശൂദ്രൻ ശൂദ്രനുമല്ല. ആരിലാണോ ഈ ഗുണങ്ങളുള്ളത് അയാൾ ബ്രാഹ്മണനും ആരിലാണോ അതില്ലാത്തത് അയാൾ ശൂദ്രനുമാണ്. ബ്രാഹ്മണകുലത്തിൽ ജനിച്ചു എന്നതുകൊണ്ട് മാത്രം ഒരാൾ ബ്രാഹ്മണൻ ആകണമെന്നില്ല. ബ്രാഹ്മണനു വേണ്ടുന്ന ഗുണ കർമ്മങ്ങൾ ധാരണം ചെയ്യുന്നതിലൂടെ മാത്രമേ അയാൾ ബ്രാഹ്മണനായി തീരുന്നുള്ളു. ചണ്ഡാല കുലത്തിൽ ജനിച്ചവനും ബ്രാഹ്മണന്റെ ഗുണസ്വഭാവങ്ങളുണ്ടെങ്കിൽ നിശ്ചയമായും അയാൾ ബ്രാഹ്മണനായി തീരും. മനുസ്മൃതിയിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

*ശൂദ്രോ ബ്രാഹ്മണതാമേതി, ബ്രാഹ്മണശ്ചൈതി ശൂദ്രതാം |*
*ക്ഷത്രിയാജ്ജാതമേവം തു, വിദ്യാത്‌വൈശ്യാത്തഥൈവ ച ||*

*(മനു 10/65)*

ശൂദ്രകുലത്തിൽ ജനിച്ചവനും ബ്രാഹ്മണനാകാൻ കഴിയും. അയാൾ ബ്രാഹ്മണന്റെ ഗുണ - കർമ്മങ്ങളേ ഉൾക്കൊള്ളുന്നുവെങ്കിൽ. ഈ ഗുണങ്ങളില്ലാത്ത ബ്രാഹ്മണ കുലത്തിൽ പിറന്നവൻ ശൂദ്രനായി തീരും അത്തരത്തിൽ ക്ഷത്രിയ - വൈശ്യ വർണ്ണങ്ങളും ഗുണ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ പരിവർത്തനത്തിനു വിധേയരാണ്.

ബ്രാഹ്മണ-ക്ഷത്രിയാദികൾ ജാതികളല്ലാ എന്നും അവ ജനനാടിസ്ഥാനത്തിലുള്ളതല്ലാ എന്നും ഗുണ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ഈ ജന്മത്തിൽ പരിവർത്തിതമാകാവുന്നതുമാണെന്നുള്ള നിരവധി ഉദാഹരണങ്ങൾ എടുത്ത് പറയാവുന്നതാണ്.

*(തുടരും)*

## ദയാനന്ദ സന്ദേശം വരിസംഖ്യാ വിവരണം

ദയാനന്ദ സന്ദേശത്തിന്റെ ഒറ്റപ്രതി വില 5 രൂപയാണ്. വാർഷിക വരിസംഖ്യ 60 രൂപ. ദീർഘകാലവരിസംഖ്യ 1000 അടയ്ക്കുന്നവർക്ക് ഒരു വൈദിക ഗ്രന്ഥം സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. കൂടാതെ വെള്ളിനേഴി ആര്യസമാജം പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ 10 ശതമാനം വിലക്കുറവിലും നൽകുന്നതാണ്. വരിസംഖ്യയും ദാനവും "ആര്യ സമാജം വെള്ളിനേഴി" എന്ന പേരിലെടുത്ത പഞ്ചാബ് നാഷണൽ ബാങ്ക് ചെർപ്പുളശ്ശേരി ബ്രാഞ്ചിൽ മാറ്റാവുന്ന ഡ്രാഫ്റ്റ്/ചെക്ക്/എം.ഒ ആയി ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി - 679 504 എന്ന വിലാസത്തിൽ അയ്ക്കുക. ഔട്ട് സ്റ്റേഷൻ ചെക്ക് അയക്കുന്നവരും പണം നേരിട്ട് ബാങ്കിൽ അടക്കുന്നവരും 28 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടക്കേണ്ടതാണ്. വരിസംഖ്യ കുടിശ്ശിക ആയവർ ഉടൻ പുതുക്കി സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. ദയാനന്ദ സന്ദേശത്തിന്റെ വരിക്കാരായി ചേർന്ന് വേദപ്രചാരണത്തിൽ പങ്കാളികളാകുക. 10 പുതിയ വരിക്കാരെ ചേർക്കുന്നവർക്ക് ഒരു വൈദിക സഹിത്യം സമ്മാനമായി ലഭിക്കും.

*(മുൻ ലക്കത്തിന്റെ തുടർച്ച)*




### അദ്ധ്യായം 2

## അഗ്നി സൂക്തം

ഇനി ചില വേദമന്ത്രങ്ങളെ അവിടവിടെ നിന്നും തിരഞ്ഞെടുത്ത് അവയുടെ അർത്ഥം നോക്കാം.

1. *ഓം യസ്യ സംസ്ഥേ നവൃണ്വതേ ഹരി സമത്സു ശത്രവഃ |*
*തസ്മാ ഇന്ദ്രായ ഗായത ||* *(ഋഗ്വേദം 1.5.4)*

മനുഷ്യർ പരമാത്മാവിനെഇഷ്ടദേവനായി മനസ്സിലാക്കുകയും പരിശ്രമിക്കുകയും ചെയ്തു ബലവാന്മാരാകാത്തതു വരെ അവർക്കു ശത്രുക്കളെ നാശം ചെയ്യാനുള്ള സാമർത്ഥ്യം കിട്ടുകയില്ല.

2. *ഓം മാ നോ മർതാ അഭിദ്രുഹൻ തനൂനാമിന്ദ്ര ഗിർവണഃ |*
*ഈശാനോ യവയാ വധം ||* *(ഋഗ്വേദം 1.5.10)*

ഒരു മനുഷ്യനും അന്യായമായി ഒരു ജീവിയേയും കൊല്ലരുത്. മറിച്ച് എല്ലാ ജീവികളോടും സ്നേഹമുള്ളവരായിരിക്കണം. എന്തു കൊണ്ടെന്നാൽ പരമേശ്വരൻ തെറ്റു ചെയ്താലല്ലാതെ ഒരു ജീവനേയും വിലക്കി വെയ്ക്കുന്നവനല്ല. മനുഷ്യരും ഇപ്രകാരം പ്രവർത്തിക്കുക.

3. *ഓം കേതും കൃൺവന്ന കേതവേ പേശോ മര്യാ അപേശസേ |*
*സമുഷദ്ഭിരജായഥാഃ ||* *(ഋഗ്വേദം 1.6.3)*

മനുഷ്യർ രാത്രിയുടെ നാലാംപാദത്തിൽ മടികാണിക്കാതെ എഴുന്നേൽക്കുകയും അജ്ഞാനവും ദാരിദ്ര്യവും ഇല്ലാതാവാനും, പരമേശ്വരനേപറ്റിയുള്ള ജ്ഞാനം നേടി, ലൗകികവസ്തുക്കളിൽ നിന്ന് കിട്ടുമാറാകുന്ന ഉപയോഗങ്ങൾ - ഫലങ്ങളെ അനുഭവിക്കാനുള്ള ഉത്തമ ഉപായങ്ങളെ കുറിച്ച് എപ്പോഴും ചിന്തിക്കുകയും വേണം.

4. *ഓം ഉരും ഹി രാജാ വരുണശ്ചകാര സൂര്യായ പൻഥാമൻവേതവാഉ |*
*അപദെ പാദാ പ്രതിധാതവേ അകരുതാ പവക്താ ഹൃദയാവിധശ്ചിത് ||* *(ഋഗ്വേദം 1.24.8)*

ഈശ്വരൻ, സൂര്യലോകത്തേക്കു ചെല്ലുന്നതിനുള്ള മാർഗ്ഗം നിശ്ചയിച്ചിട്ടുണ്ട്. വായുരൂപിയായ ഇന്ധനം അതിന് പ്രകാശം തരുന്നു. ഈ ലോകങ്ങളെല്ലാം അതാതിനു നിശ്ചയിക്കപ്പെട്ട മാർഗത്തിലൂടെ പരസ്പരം ഏറ്റുമുട്ടാതെ പോകുന്നു. ഈശ്വര സാമർത്ഥ്യം അതിന്റെ സാധനമായ വായു ശക്തിയുടെ ആകർഷണം കാരണം ഈ ലോകങ്ങൾ അവർക്ക് നിശ്ചയിക്കപ്പെട്ട സ്ഥിരമായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നു. പരമേശ്വര ശക്തിയല്ലാതെ വേറേ ഒന്നും ഇതിനു കാരണമല്ല. ഈശ്വരൻ അസത്യവാദികളെയും അധർമ്മികളെയും മാറ്റി നിർത്തുന്നത് പോലെ പ്രാണനും ഹൃദയത്തെ നശിപ്പിക്കുന്ന രോഗത്തെ അകറ്റി നിർത്തുന്നു. അത്തരത്തിലുള്ള പരമേശ്വരനെ ഉപാസിച്ച് കർത്തവ്യനിരതരായി മനുഷ്യർ ജീവിക്കണം.

*(തുടരും)*

**മാതാഭൂമിഃ പുത്രോഹം പൃഥിവ്യാഃ ആനോ ഭൂമിർ വർദ്ധയാദ് വർദ്ധമാനാ** *(അഥർവ്വം. 12.1.12.13)*

ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്. ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റെയും ഉൽക്കർഷം


*(മുൻ ലക്കത്തിന്റെ തുടർച്ച)*

*സംശയ നിവാരണി*

# സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**

തർജ്ജമ: സൂരി



***ചോദ്യം 4 :*** ഈശ്വരൻ സർവ്വശക്തിമാനാണെങ്കിൽ എന്തുകൊണ്ട് ആത്മാക്കളെ ഉണ്ടാക്കാൻ കഴിയുന്നില്ല ?

***ഉത്തരം:*** ഇല്ല. ഒരിക്കലും സാധിക്കില്ല. ഈശ്വരൻ സർവ്വശക്തിമാൻ തന്നെ. പക്ഷേ അദ്ദേഹത്തിന് ഒരിക്കലും ആത്മാക്കളെ നിർമ്മിക്കാനോ നശിപ്പിക്കാനോ കഴിയില്ല. കാരണം ആത്മാക്കൾ അനാദിയാണ് (അഥർവ്വവേദം 11/3/30). തുടക്കമില്ലാത്തും അതുകൊണ്ടുതന്നെ ഒടുക്കമില്ലാത്തതുമായ യാതൊന്നുണ്ടോ അതിനെയാണ് അനാദി എന്ന് പറയുന്നത്. യാതൊന്നാണോ നിർമ്മിക്കപ്പെടാത്തത് അതിനെ നശിപ്പിക്കാനും കഴിയില്ല. അതായത് അവയ്ക്ക് ഒരിക്കലും വിനാശം സംഭവിക്കുന്നില്ല.

അമർത്ത്യോ മർത്ത്യേന സയോനിഃ (ഋഗ്വേദം 1/164/30). ഈശ്വരൻ സർവ്വശക്തിമാനാണ്. അതുകൊണ്ട് അദ്ദേഹത്തിന് ആഗ്രഹിക്കുന്നത് എന്തും ചെയ്യാൻ കഴിയും എന്ന് അർത്ഥമില്ല. സർവ്വശക്തിമാൻ എന്നാൽ പരസഹായം കൂടാതെ സ്വയം കാര്യങ്ങൾ ചെയ്യാൻ കഴിയുന്നവൻ എന്നാണ് – അതായത്

1. ലോകത്തിന്റെ സൃഷ്ടി നടത്തി അതിനുതകിയ നിയമങ്ങൾ സൃഷ്ടിച്ച് പരിപാലനം ചെയ്ത് അതിന്റെ അവസാനം പ്രളയം നടത്തുക.

2. എല്ലാ ജീവജാലങ്ങൾക്കും അവരവരുടെ കർമ്മത്തിനനുസരിച്ച് ന്യായമായ ഫലങ്ങൾ നൽകുക.

3. എല്ലാ മനുഷ്യരുടേയും അജ്ഞതനീക്കി വേദമാകുന്ന ജ്ഞാനത്തെ പ്രദാനം ചെയ്യുക.

ഇക്കാര്യങ്ങളെല്ലാം ചെയ്യാൻ ഈശ്വരൻ മറ്റാരുടേയും സഹായം തേടുന്നില്ല.

***ചോദ്യം 5 :*** അനാദിതത്ത്വങ്ങൾ എത്രയുണ്ട്? അവ ഏതൊക്കെയാണ്?

***ഉത്തരം :*** ഈശ്വരൻ, ആത്മാവ്, പ്രകൃതി എന്നിവയാണ് അനാദിതത്ത്വങ്ങൾ. ഇവയിൽ ആത്മാവും പരമാത്മാവും ചേതനവും ഈ ജഗത്തിന്റെ നിർമ്മാണത്തിനുള്ള മൂല കാരണമായ പ്രകൃതി ജഡവസ്തുവുമാണ്. എല്ലാറ്റിന്റേയും ആധാരമായ പരമാത്മാവ് ഒന്നേയുള്ളൂ. ആത്മാക്കൾ അനേകമുണ്ട്. ജഡവസ്തുവായതിനാൽ പ്രകൃതിക്ക് സ്വയം ഒന്നും ചെയ്യാൻ കഴിയുകയില്ല. പരമാത്മാവ് സർവ്വജ്ഞനാണ്. ആത്മാവ് അൽപ്പജ്ഞനാണ്. പ്രകൃതി ജ്ഞാനരഹിതമാണ്.

*ചോദ്യം 6 :* പരമാത്മാവും ജീവാത്മാവും പ്രകൃതിയും അനാദിയാണെന്നുള്ളതിന് വേദങ്ങളിൽ എന്തെങ്കിലും തെളിവുണ്ടോ?

**ഉത്തരം** : എല്ലാ പ്രകാരത്തിലുമുള്ള സംശയങ്ങൾക്കും മറുപടി നമുക്ക് വേദങ്ങളിൽ കണ്ടെത്താൻ കഴിയും. അതായത് ലോകത്തിലുള്ള എല്ലാ സമസ്യകൾക്കും ഉള്ള ഉത്തരം വേദങ്ങളിൽ മാത്രമാണുള്ളത്. ഈശ്വര കൃതമാകയാൽ വേദം യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടമാണ്.

*ദ്വാസുപർണ്ണാ സയുജാ സഖായാ സമാനം വൃക്ഷം പരിഷസ്വജാതെ |*
*തയോരന്യഃ പിപ്പലം സ്വാദ്വത്യനശ്നന്നന്യോ അഭിചാകശീതി ||*
*(ഋഗ്വേദം 1/164/20)*

**അർത്ഥം:** ഈശ്വരൻ, ആത്മാവ്, പ്രകൃതി എന്നിവ അനാദിയാണ്. ബ്രഹ്മവും ജീവാത്മാവും വ്യാപകൻ – വ്യാപ്യൻ എന്നീ ഭാവത്തിൽ ലോകത്തിൽ മിത്രഭാവേന വർത്തിക്കുന്നു. ജീവാത്മാവ് കർമ്മരൂപമായ ജഗത്തിൽ ശരീരധാരണം നടത്തി പുണ്യ-പാപങ്ങളുടെ ഫലം അനുഭവിക്കുന്നു. ഇവയുടെ എല്ലാം നിയന്താതാവായ ഈശ്വരനാകട്ടെ സൃഷ്ടിയിലും പ്രളയത്തിലും ഒരേ ഭാവത്തോടെ വർത്തിക്കുന്നു.

*(തുടരും)*

# ARYA SAMAJ CALLING YOU

***- By Baleswar Muni***



(This article is prepared with the sole purpose of educating the younger generation about the principles of Arya Samaj, which is the oldest national movement still in force. Its main objective had been to revive the ancient heritage of Bharath and the glory of Vedas and Vedic culture through exposing the secrets of the Vedas. This author Sri. Baleswar Muni is a former Indian Air Force personnel (1971-97) and since his retirement from IAF he is fully devoted to the cause of Arya Samaj and teachings of Maharshi Dayanand Saraswathi. He served in the interiors of Himachal Pradesh and visited schools, Colleges, Govt.offices and Banks to spread the teachings and values of Vedic Dharma. As per the Vedic tradition, he took Vanaprashthashram and presently serving at Rishi Udyan, Ajmer.) **- EDITOR**

## INTRODUCTION

In this article, a sincere efforts have been made to high light the origin of Arya Samaj the life, work and contribution of Swamy Dayanand, the founder of Arya Samaj has been vividly explained. The Ten universal commandments of Arya Samaj have been fully explained to appraise the general public of their importance. Vedas are the source of all religions which is originated n ndia. The role of Arya

**Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 31-2)**

There is no measure, no image of that GOD whose name is Great

Samajist in the struggle to free India from the foreign yoke is also made known to the people. In nutshell the basic information about the objects of Arya Samaj, Swamy Dayanand and Vedas are contained in this artile.

## WHO IS AN ARYA

In Nirukta of Yaskacharya, the meaning of a word Arya is Ishvarasya Putraha (ईश्वर पुत्र), the son of God. God is our Father and we are His Children. A father has many children but, he who is virtuous, polite and obedient is entitled to be called his true son and thereby termed 'Arya'. To become 'Arya' one must try to be Godly. It may seem difficult but not impossible. As man thinks, so he becomes a person who believes in God and His divinity, tries to imbibe His qualities and becomes Godly.

Swami Dayananda Sarasmathi in his Ved Bhashya (वेद-भाष्य)has described Arya as "SHRESHTA GUNA, KARMA, SVABHAVAYUKTA MANUSHYA' **श्रेष्ट गुण कर्म स्वभाव युक्त मनुष्य** : one who is noble in qualities, deeds and nature.

The Arya is one who strives and overcomes all outside him and within him that stands opposed to human advance. "In everything he seeks truth, in everything right and freedom".

Arya is therefore an embodiment of the noble, Virtuous and human qualities which can embellish (beautify) human character and raise a person from the status of a social animal to the status of human being. It was in the context of this meaning of the word Arya, that the concept of Arya Samaj was mooted. Arya Samaj - an assembly of virtuous, noble people who can unitedly think and strive to create better society.

## ARYA SAMAJ AND ITS SERVICES TO NATION AND HUMANITY

In order to know what is Arya Samaj it is necessary to know the background which necessitated the establishment of Arya Samaj. The political, economic and social conditions prevailed in the 19th century presented a dismal picture of a society which appeared to be beyond redemption. Centuries of foreign domination had reduced the honour of Indian society to nothingness. Illiteracy prevailed, ignorance abounded, superstitions were rampant (social evils) knowledge had disappeared, the essence of Dharma was lost, practice of irrational rituals and blind faith was dominant. Social evils were wide spread and cultural values were eroded. All these factors had reduced the glory and valour (prestige) of Aryavartha to shambles.

Swami Dayanada Saraswathi emerged on the scene as a saviour of the disintegrated and fraction ridden society. The Arya Samaj which he founded became the beacon light to guide the people who had lost their way in total darkness. The first Arya Samaj was initiated by Swami Dayanand Saraswati early as April 7, 1875 (Pratipada Sukla Caitr, 1932 Vikrami) at Mumbai. During the life time of the founder, the Arya Samaj spread over a large part of the country. Within short span of its existence it crossed the boundaries of our oceans and reached beyond the shores of Mauritius, South Africa, Burma, Indonesia, Singapore, Fiji, West Indies, Rangoon, Bangkok, Guyana, Surinam, Trinidad, Kenya, Tanzania, England, America, Canada, New Zeeland and so on. We have today about seven thousand Arya Samaj in India and abroad, working to spread the message of Swami Dayanand Sarawathi and the teachings of Vedas.

## OBJECTS OF ARYA SAMAJ

Since its inception Arya Samaj has played a pivotal role in rejuvenating (developing) Indian society by weeding out social evils, by spread of literacy and educating the people by creating awareness among them about the greatness of their cultural heritage, focusing on the need to realize their self by pursing the Vedas. Arya Samaj has led a movement against child marriage, Sati System, caste system, dowry system, animal sacrifice, debarring of shudras from entering the portals of temples. It has always championed the cause of the downtrodden and paved the path for the progress of the weaker section of the society, by making them aware that they are in no way inferior to any other class of the society.

Arya Samaj is a force to reckon with a force enforcing self discipline, a force continuously battling against evils and a force instilling a spirit of patriotism among the people. In his History of Congress, SHRI PATTABHI SITARAMAIAH had written that 80% of the people who fought for the independence of India were those, who were associated with Arya Samaj.

The aim of the Arya Samaj is to establish peace in the world. Peace can be established only when the hearts of the people are not divided by barriers of communalism which distance man from

☞

**Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 330.3)**
Let not a brother hate his brother and let not a sister hate her sister

man. Where there is a hatred there is enimity and enimity breeds contempt and ill-will and ill will in turn foments destruction.

Communalism envisages (care for) well being of a particular community. Arya Samaj prays for the welfare of all the human being. "Let all be happy", "I wish all to be my friends". "May I look upon others with all to be my friends". Where there is friendship, there is a cordial relationship among people. They share their joys and sorrows and generate co-operation among them. There is a coordination in their actions and the peace reigns everywhere.

सर्वे भवन्तु सुखिनः सर्वेसन्तु निरामयाः
सवे भद्राणि पश्यन्तु मा कश्चिद् दुःख भाग भवेत् –
(सुभाषित)

Arya Samaj by its concerted efforts is spreading the message of peace to humanity. Arya Samaj has benefited the world at large and Hindu society very much in particular. The evaluation and appreciation of Arya Samaj is best expressed by the noted Indian nationalist Pandit Madan Mohan Malviya who stated: "if Arya Samaj keeps walking , the Hindu society will remain standing. If the Arya Samaj remains standing, the Hindu Samaj will sit down. If Arya Samaj sits down, the Hindu Society will sleep, and the Arya Samaj sleeps, the Hindu society will die."

Arya Samaj stands for truth; its inspiration of truth is derived from God. Knowledge which is simply a realization on our part of truth that exists in and outside us has its ultimate root in the All knowing Parameshwara. Our religion, thus, is firm belief in and quest (search) after truth.

(To be continued)

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



(1920 ൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തിനടുത്തുള്ള കീഴാനെല്ലൂർ മനയിൽ ജനിച്ച പരമേശ്വരൻ എന്ന (പാച്ചു) ഉണ്ണിയുടെ-യാഥാസ്ഥിതികത്വത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ അലക്ഷ്യമായി ചുറ്റിത്തിരിഞ്ഞ് – കൗമാരത്തിലേക്ക് പ്രവേശിച്ചപ്പോൾ തന്നെ കല്ലും മുള്ളും നിറഞ്ഞ അപരിചിതമായ ജീവിതപന്ഥാവിലൂടെ തളരാത്ത മനസ്സും ഇടരാത്ത കാൽവെപ്പുകളുമായി ഉത്തരഭാരതത്തിലുടനീളം സഞ്ചരിച്ച് ആർഷഭാരത പാരമ്പര്യത്തിലധിഷ്ഠിതമായ ജീവിതലക്ഷ്യം കണ്ടെത്തിയ കർമ്മ കുശലന്റെ- ലാഹോറിലെ ആര്യസമാജഗുരുകുലത്തിൽ പഠിച്ചും പഠിപ്പിച്ചും വിജ്ഞാനശാഖകൾ സ്വായത്തമാക്കിയ ബഹുഭാഷാവിശാരദന്റെ – കൈലാസം വരെ ആർഷഭൂവിലൂടെ കാൽനടയായി സഞ്ചരിച്ച സത്യാന്വേഷിയുടെ – ഭാരത വിഭജനാനന്തരം നടന്ന കൊടും ക്രൂരതകൾ നേരിട്ടനുഭവിച്ച ദൃക്സാക്ഷിയുടെ –കറാച്ചിയിൽ അകപ്പെട്ട് അഭയാർത്ഥിയായി മുദ്ര കുത്തി ഭാരതത്തിലേക്ക് തിരിച്ചയക്കപ്പെട്ട – അധ്യാപനം ജീവിതതപസ്യയാക്കി ഗൃഹസ്ഥാശ്രമം സ്വീകരിച്ച ഗൃഹനാഥന്റെ – ആർഷവിജ്ഞാനഭണ്ഡാരം തുറന്ന് വൈദികവാങ്മയത്തിലേക്ക് കടക്കാനുള്ള താക്കോലായ "വൈദിക സമ്പത്ത്" എന്ന അമൂല്യ വിജ്ഞാനനിധി കൈരളിക്ക് പരിചയപ്പെടുത്തിയ ആചാര്യനായി–പാഞ്ഞാളിലെ യാഗഭൂമിയിൽ മൃഗഹിംസ തന്നെ വേണമെന്ന് ശഠിച്ച യാഥാസ്ഥിതികരെ യജ്ഞത്തിൽ പശുഹിംസ നിഷിദ്ധമാണെന്ന ശ്രുതി പ്രാമാണ്യം ബോദ്ധ്യമക്കിയ–സ്വർഗ്ഗീയ മാധവ്ജിയെ പോലുള്ള സാമൂഹ്യ പരിഷ്കർത്താക്കളാൽ അകമഴിഞ്ഞ് പ്രശംസിക്കപ്പെട്ട – കേരളത്തിൽ ആര്യസമാജപ്രവർത്തനത്തിന് അടിത്തറ പാകാൻ കഠിനാദ്ധ്വാനം ചെയ്ത വന്ദ്യവയോധികൻ – എന്നീ നിലകളിലൊക്കെ പ്രശ്സ്തനായ – അംഗീകാരങ്ങൾക്ക് പിറകെ പോകാൻ തയ്യാറല്ലാതിരുന്ന അടുത്ത കാലത്ത് അന്തരിച്ച കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരിയുടെ ജീവിത യാത്ര "ജീവിതം ഒരലയാഴി" ഖണ്ഡശഃയായി ദയാനന്ദ സന്ദേശത്തിലൂടെ പ്രസിദ്ധീകരിക്കുകയാണ്. ഭാരത ചരിത്രത്തിലെ ഇരുളടഞ്ഞ ചില അദ്ധ്യായങ്ങളിലേക്കുള്ള ഒരു പ്രകാശകിരണം കൂടിയായരിക്കും ഇത്.)

– പത്രാധിപർ

### അധ്യായം – 1

## പാച്ചന്റെ ജീവിത യാത്ര

**ലോ**കമേധാവിത്വത്തിനു വേണ്ടി, 1939 ൽ ഹേർ, ഹിറ്റ്ലർ യൂറോപ്പിൽ യുദ്ധം പ്രഖ്യാപിച്ചതു പോലെ, സ്വാർഥസിദ്ധ്യർത്ഥം പാച്ചന്റെ തറവാട്ടിലുമുണ്ടായി ഒരു യുദ്ധ പ്രഖ്യാപനം. മാസങ്ങളോളം നീണ്ടു നിന്ന, വടിവാൾ കുന്ത പ്രയോഗത്തോളമെത്തിയ കശപിശക്കു ശേഷം തറവാട്ടിലെ മൺമറഞ്ഞു പോയവർ കനിഞ്ഞുപേക്ഷിച്ചു പോയ അൽപ്പസ്വൽപ്പം സ്ഥാവര ജംഗമ വസ്തുക്കൾ പിച്ചിചീന്തി ഭാഗം വെച്ചു. എല്ലാവരും സ്വന്തം കാര്യം സിന്ദാബാദിനായി പിരിഞ്ഞു. ഒരു കുടുംബം ആറായി വർദ്ധിച്ചു. 6 ാം താവഴിയാണ് ഒറ്റയാനായി തീർന്ന പാച്ചൻ. എന്തോ അയാളുടെ മുഖത്തു മാത്രം സന്തുഷ്ടി വിരിഞ്ഞില്ല. അയാളുടെ മുന്നിൽ ആകാശവും ഭൂമിയും മാത്രമായിരുന്നു തുറിച്ചു നോക്കിയിരുന്നത്.

പത്തായം പെറ്റ്, ചക്കി കുത്തി, അമ്മ വെച്ചു വിളമ്പി, താനുണ്ട്, നോട്ടമില്ലാത്ത കാട്ടുചെടി പോലെ, വളർന്നു വന്ന ശുദ്ധാത്മാവാണയാൾ. ഭാഗപത്രത്തിലെ വക്രോക്തികളേയും, ശ്ലേഷ പ്രയോഗങ്ങളേയും, വാചകക്കസർത്തുകളേയും പറ്റി അയാൾക്കെന്തറിയാം? ദീർഘസൂത്രികളായ കൂടെപ്പിറവികൾ ഒപ്പിടാൻ സോപ്പിട്ടു പറഞ്ഞു. സോപ്പിന്റെ കെമിക്കലാക്ഷൻ (രാസപ്രവർത്തന പ്രഭാവം) എന്തെന്നറിയാത്ത ആ ശുദ്ധൻ, കൂടെ പിറവികളല്ലെ? ചതിക്കില്ലെന്നു കരുതി വിറകയ്യോടെ ഒപ്പു വെച്ചെന്നു മാത്രം.

പാവം, പാച്ചനൊറ്റപ്പെട്ടു. അല്ലാ, സ്വാർത്ഥ ☞

**Bhadram Karnebhih Shrunuyaama Deva Bhadram Pashyema Akshabhir Yajathrah (Yajurveda 25-21)**
May we always hear what is good and see what is good aswell.

ലാഭേച്ഛകൾ അയാളെ ഒറ്റപ്പെടുത്തി, അതാണ് ശരി. കെട്ടുറപ്പിന്റെ ഓഹരിയായ ഒരമ്പതു രൂപ അയാളുടെ കൈയിൽ വെച്ചു കൊടുത്തു, പത്തിന്റെ 5 നോട്ടുൾ! അയാളമ്പരന്നു. ഇത്രയും നോട്ടുകൾ ഒരുമിച്ച് 18 വയസ്സിനിടയ്ക്കയാൾ കണ്ടിട്ടില്ല. കുട്ടിക്കാലത്ത് വൈശാഖ ദാനം കിട്ടും. ചിലപ്പോൾ ഇരട്ടും (നമ്പൂതിരി ഗൃഹങ്ങളിൽ നടക്കുന്ന ഒരനുഷ്ഠാനമാണിത്. ഉണ്ണികൾക്ക് ഭക്ഷണവും ദാനവും നൽകലാണ് ഈ ചടങ്ങിൽ മുഖ്യം) തരാവും. നാലണയാണവയ്ക്കുള്ള സമ്പാദ്യം.

ചിലവേള ഒരു കോടിമുണ്ടും കിട്ടിയെന്നു വരാം. അങ്ങിനെ സമാവർത്തനം വരെ- നമ്പൂതിരിയെന്ന പട്ടം കിട്ടും വരെ നാലണ മുതലാളിയായി വളർന്നതാണ്. ഉണ്ണിനമ്പൂതിരി ആയപ്പോൾ പശുദാനം, പ്രതിഗ്രഹം, ശ്രാദ്ധമുണ്ണൽ, ക്രിയസ്ഥാനം, മുട്ടുശാന്തി മുതലായവയിൽ നിന്നുള്ള വരുമാനം തുടങ്ങി. നാലഞ്ചു രൂപ ഒന്നിച്ച് കൈയിൽ വരുന്നത് അപ്പോഴാണ്. പഠിക്കണമെന്ന ചിന്ത അയാൾക്കും, പഠിപ്പിക്കണമെന്ന് മറ്റുള്ളവർക്കും ഉണ്ടായിരുന്നില്ല. ഒപ്പം കളിച്ചു വളർന്ന കാഞ്ഞി യൂർ നീലകണ്ഠന്റെ പ്രോത്സാഹനം കൊണ്ടാണ് അന്നത്തെ ഹയർ എലിമെന്ററി സ്ക്കൂളിൽ 8 ാം തരം വരെ പഠിച്ചതയാൾ. ഗോട്ടി, ശീട്ട്, പന്ത്, ആട്ടക്കളം എന്നിങ്ങനെയുള്ള കളികളിൽ മുഴുകി. ഭാവിയെ പറ്റിയുള്ള ചിന്ത കൂടാതെയാണയാൾ യൗവനത്തിന്റെ പടിവാതിലിലെത്തപ്പെട്ടത്. എട്ടും പൊട്ടുമറിയാത്ത ജീവിത സാഗരത്തിന്റെ തീരത്തുപോലുമണയാത്ത ആ ഉപരിപ്ലവ സൗന്ദര്യ മുഗ്ദ്ധ ശുദ്ധഗതിക്കാരൻ ഒരു മൂല യിൽ പോയി ഏകാന്തതയിൽ ഇരുന്ന് ചിന്താമഗ്നനായി.

*(തുടരും)*

---

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## മൂന്നാം പ്രഭാഷണം (ധർമ്മാധർമ്മം)

(1875 ജൂലൈ 8 ന് രാത്രി 8 മണിക്ക് നേരത്തേ പരസ്യപ്പെടുത്തിയതിനനുസരിച്ച് 'ബുധവാർ പേട്ടി'ൽ നടത്തിയ പ്രഭാഷണത്തിന്റെ സാരാംശം).

*ഓം ഭദ്രം കർണേഭിഃ ശൃണുയാമ ദേവാ ഭദ്രം പശ്യേമാക്ഷഭിര്യജത്രാഃ |*
*സ്ഥിരൈരംഗൈസ്തുഷ്ടുവാങ് സസ്തനൂഭിർവ്യശേമ ദേവഹിതം യദായു: ||*




(ഋക് സംഹിത മണ്ഡലം 1, അനുവാകം 14, സൂക്തം 89, മണ്ഡലം 8)

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

(ഇത്തരത്തിൽ ആദ്യം ഈ 'ഋച' ചൊല്ലി സ്വാമിജി ധർമ്മാധർമ്മം എന്ന വിഷയത്തേ കുറിച്ച് പ്രഭാഷണമാരംഭിച്ചു).

ഈശ്വരന്റെ ആജ്ഞ ധർമ്മവും അവജ്ഞ അധർമ്മവുമാണ്. വിധി ധർമ്മം; നിഷേധം അധർമ്മം; ന്യായം ധർമ്മം അന്യായം അധർമ്മം; സത്യം ധർമ്മം, അസത്യം അധർമ്മം; നിഷ്പക്ഷപാതം ധർമ്മം, പക്ഷപാതം അധർമ്മം.

("വ്രതേനദീക്ഷാമാപ്നോതി" (യജുർവ്വേദം 19.30). ഈ പ്രതീകത്തിന് ശുക്ലയജുർവേദസംഹിതയിലെ മന്ത്രം ചൊല്ലി അതിന്റെ അർത്ഥം പറഞ്ഞു).

സത്യത്തിലധിഷ്ഠിതമാണ് ധർമ്മമെങ്കിൽ എന്താണ് സത്യം? 'പ്രമാണൈരർത്ഥപരീക്ഷണം' (ന്യായ ഭാഷ്യം 1.1) എന്ന ന്യായമനുസരിച്ച് സത്യമാണെന്ന് അംഗീകരിക്കപ്പെട്ടതെന്തോ അത് സത്യമാണ്.

ആശ്രമങ്ങൾ നാലാണ്. ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം.

*അഹിംസാപരമോ ധർമ്മഃ!*

*ധൃതി ക്ഷമാ ദമോസ്തേയം ശൗചമിന്ദ്രിയ നിഗ്രഹഃ*
*ധീർവിദ്യാ സത്യ മക്രോധോ ദശകം ധർമ്മ ലക്ഷണം*

(മനുസ്മൃതി 6.92)

ധർമ്മവും അധർമ്മവും അനേകമാണ്. എന്നാൽ വിശേഷ രീതിയിൽ അവയിൽ 11 ധർമ്മവും 11 അധർമ്മവും ഉണ്ട്. അവയേ കുറിച്ച് സ്വാമിജി വിവരിച്ചു. ഇത്തരത്തിൽ 11 ധർമ്മങ്ങൾ സനാതനമായി ഉപദേശിക്കപ്പെട്ടിരിക്കുന്നു.

### ആദ്യം അഹിംസയുടെ ലക്ഷണങ്ങൾ

അഹിംസാ സത്യാസ്തേയ ബ്രഹ്മചര്യാപരിഗ്രഹാ യമാഃ (യോഗാദർശനം 2.30)

**1.അഹിംസ**: മൃഗഹിംസ ഒഴിവാക്കുക എന്നതു മാത്രമല്ലാ അഹിംസയുടെ അർത്ഥം. വ്യാസ ഭഗവാൻ വ്യാഖ്യാനിക്കുന്നത് നോക്കുക.

*സർവ്വഥാ സർവ്വദാ സർവ്വഭൂതാനാമനഭി*

*ദ്രോഹഃ അഹിംസാ ജ്ഞേയാ ||*

(യോഗദർശനം 2.30 വ്യാസഭാഷ്യം)

എല്ലാറ്റിനോടും എല്ലായ്പ്പോഴും എല്ലാ തരത്തിലുമുള്ള വൈരഭാവവും ഇല്ലാതിരിക്കുക.

**2. ധൃതി** : ധൈര്യം, സംയമം എന്നിങ്ങനെഅർത്ഥം വരും. രാജ്യം നഷ്ടപ്പെടുകയാണെങ്കിൽ കൂടി ധൈര്യം വെടിയരുത്. ധൈര്യം കൈവിട്ടാൽ ധർമ്മ പരിപാലനം സാധിക്കില്ല.

**3. ക്ഷമ** : സഹനത എന്നു പറയാം. വലിയവർ ചെറിയവർക്കെതിരെ എന്തെങ്കിലും അപകൃത്യം നടത്തിയാൽ ചെറിയവരത് സഹിക്കണമെന്നു പറയുന്നത് ക്ഷമയല്ല. ഇതിനെഅസാമർത്ഥ്യം എന്നാണ് പറയുക. എന്നാൽ ശരീരത്തിന് സാമർത്ഥ്യമുണ്ടായിട്ടു പോലും പ്രതികാരം ചെയ്യാതിരിക്കലാണ് ക്ഷമ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**4. ദമനാമ മനസോവൃത്തി നിഗ്രഹ** : ചിത്ത വൃത്തികളെ നിഗ്രഹിക്കലാണ് ദമം. വൈരാഗ്യം എന്ന അർത്ഥത്തിലല്ല.

**5. അസ്തേയം**: അന്യായമാർഗ്ഗത്തിലൂടെ ധനാദികൾ നേടിയെടുക്കുക അഥവാ അനുവാദമില്ലാതെ മറ്റുള്ളവരുടെ വസ്തുക്കൾ കൈവശപ്പെടുത്തുക എന്നിവ സ്തേയമാണ്. സ്തേയത്തിന്റെ ത്യാഗമാണ് അസ്തേയം.

**6. ശൗചം**: 2 തരത്തിലുണ്ട് ശൗചം. ശാരീരികവും മാനസികവും. ഉത്കൃഷ്ട രീതികളാൽ കുളി തുടങ്ങിയ വിധികളുടെ ആചരണം ശാരീരിക ശൗചമാണ്. യാതൊരു ദുഷ്ട ചിന്തകളും മനസ്സിൽ നിലനിർത്താതിരിക്കുന്നത് മാനസിക ശൗചമാണ്. ശരീരം സ്വച്ഛതയോടെ സംരക്ഷിക്കുന്നതിലൂടെ രോഗങ്ങൾ ഇല്ലാതിരിക്കുകയും മനസ്സ് പ്രസന്നമായി തീരുകയും ചെയ്യും.

**7. ഇന്ദ്രിയ നിഗ്രഹം**: സർവ്വ ഇന്ദ്രിയങ്ങളേയും ന്യായപൂർവ്വകമായി വശത്തിൽ നിർത്തുക. ഇന്ദ്രിയങ്ങളുടെ നിയന്ത്രണം യുക്തിപൂർവ്വം ചെയ്യണം. പരസ്പര ബന്ധ

☞

ത്തിലൂടേയാണ് ഇന്ദ്രിയങ്ങൾക്ക് ആകർഷണം ലഭിക്കുന്നത്. മനു പറയുന്നു:

*മാത്രാ സ്വസ്രാ ദുഹിത്രാ വാ ന വിവിക്താസനോ ഭവേത് |*
*ബലവാനിന്ദ്രിയഗ്രാമോ വിദ്വാംസമപി കർഷതി ||*
(മനുസ്മൃതി 2.215)

ഇന്ദ്രിയങ്ങൾ അത്ര കണ്ട് പ്രബലമാണ്. അതിനാൽ മാതാവ്, സഹോദരി, പുത്രി എന്നവരോടൊത്ത് ഇടപഴകുമ്പോഴും തികഞ്ഞ ശ്രദ്ധ വേണമെന്നാണ് ഇവിടെ താത്പര്യം.

*(തുടരും)*

**ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ**

## വേദിക് വർക്ക്ഷോപ്പ് – സത്യപ്രകാശം

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ജൂലൈ 19,20,21 തിയ്യതികളിൽ ഒറ്റപ്പാലത്ത് വെച്ച് 'സത്യപ്രകാശം' എന്ന വേദിക് വർക്ക്ഷോപ്പ് നടക്കുന്നു. വേദങ്ങളിലെ അടിസ്ഥാനതത്വങ്ങൾ, ആര്യസമാജ സിദ്ധാന്തങ്ങൾ, ആര്യസമാജത്തിലെ ഉന്നത ദാർശനിക കേന്ദ്രമായ പരോപകാരിണി സഭ ചിട്ടപ്പെടുത്തിയെടുത്ത യോഗദർശനത്തെ അടിസ്ഥാനമാക്കിയുള്ള വൈദിക ധ്യാനം, അഗ്നിഹോത്രം തുടങ്ങിയ വിഷയങ്ങളെ കുറിച്ച് ആര്യ ജഗത്തിലെ പ്രഗത്ഭരായ ആചാര്യന്മാർ ക്ലാസ്സുകൾ എടുക്കും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് ശിബിരത്തിൽ പങ്കെടുക്കാനാകും.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9562529095**

## പൗർണ്ണമാസ്യേഷ്ടി യജ്ഞവും ഉത്തരാഖണ്ഡ് പ്രളയദുരിതാശ്വാസ നിധി സമർപ്പണവും

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ജ്യേഷ്ഠപൂർണ്ണിമ ദിനത്തിൽ (23/06/2013) പൗർണ്ണമാസ്യേഷ്ടി യജ്ഞം നടന്നു. തുടർന്നു നടന്ന ചടങ്ങിൽ ഉത്തരാഖണ്ഡിലും കേരളമുൾപ്പടെ ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ പ്രളയദുരന്തങ്ങളിലും കാലവർഷകെടുതികളിലും ജീവഹാനി സംഭവിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. വെള്ളിനേഴി ആര്യസമാജത്തിന്റെ വകയായി 5001 രൂപ ഉത്തരാഖണ്ഡ് പ്രളയദുരിതാശ്വാസ നിധിയിലേക്ക് അയച്ചു കൊടുത്തു.

## സംസ്കൃത പഠന ക്ലാസ്സുകൾ

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ സംസ്കൃത പഠനക്ലാസ്സുകൾ ആരംഭിച്ചു. ജൂൺ 30 ന് സാപ്താഹിക യജ്ഞത്തിനും സത്സംഗത്തിനും ശേഷം സംസ്കൃത പഠനക്ലാസ്സിന്റെ ഔപചാരികമായ ഉദ്ഘാടനം നടന്നു. ആദ്യഘട്ടമെന്ന നിലയിൽ ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് 2.30 മുതൽ 4 വരെയായിരിക്കും ക്ലാസ്സുകൾ നടക്കുക. സംസ്കൃത വ്യകരണം, സാഹിത്യം എന്നിവയ്ക്ക് പുറമെ ദർശനവിഷയങ്ങളും അടുത്ത ഘട്ടത്തിൽ തുടങ്ങാൻ പദ്ധതിയായിട്ടുണ്ട്. താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ആര്യസമാജം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | അഗ്നിഹോത്ര വിധി (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | ആര്യോദയം | – | ₹ 10 |
| (5) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (6) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (7) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (8) | Vedas in Story form and Chaturvarnyam | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

**വൈദിക സാഹിത്യങ്ങൾ വാങ്ങുന്നതിനും അഗ്നിഹോത്രം, ഷോഡശ സംസ്കാരങ്ങൾ എന്നിവ വൈദിക വിധിയനുസരിച്ച് നടത്തുവാനും താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് സ്വന്തം വിലാസം എഴുതിയ സ്റ്റാമ്പു പതിച്ച കവർ സഹിതം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**കാര്യദർശി, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി പി.ഒ., പാലക്കാട് 679504**

## ഉടൻ പ്രസിദ്ധീകരിക്കുന്ന വൈദിക സാഹിത്യം
### *സന്ധ്യ – അഗ്നിഹോത്രം*

വേദാദി ശാസ്ത്രങ്ങളിലൂടെ ഈശ്വരൻ നിർദ്ദേശിച്ചതും സർവ്വമാനവരും നിത്യവും അനുഷ്ഠിക്കേണ്ടതുമായ പഞ്ചമഹായജ്ഞങ്ങളുടെ ഭാഗമായ ബ്രഹ്മോപാസന അഥവാ സന്ധ്യാവന്ദനം, അഗ്നിഹോത്രം (ദേവയജ്ഞം) എന്നിവയും പൗർണ്ണമിക്കും അമാവാസിക്കും ചെയ്യേണ്ടുന്ന ദർശേഷ്ടി, ജന്മദിനാഘോഷം,വിവാഹ വാർഷികം, അക്ഷരാരംഭം എന്നീ വിശേഷാവസരങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രിയകൾ, വൈദിക രാഷ്ട്രഗാനം, ഐകമത്യസൂക്തം, ഭോജനമന്ത്രം, മൃത്യുഞ്ജയ മന്ത്രം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാ ഗ്രഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്. മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ വൈദിക വിധികളുടെ മലയാള പരിഭാഷയായ ഈ മഹത്ഗ്രന്ഥം ആവശ്യമുള്ളവർ ഉടൻ കാർഡയച്ചു ബുക്ക് ചെയ്യുക.

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Samajam**
**Bank Account No: 4264000100071490**
IFSC Code : PUNB 0426400
**Punjab National Bank- Cherpalcheri Branch**


To

.......................................................................

.......................................................................

.......................................................................

.......................................................................

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Printed at Ambal Quick Print Shop, Palakkad. Chief Editor: Sri. K. Velayudha Arya. Editor responsible for selecting articles: K.M. Rajan. Editorial Board: T.R. Balachandran Nair, Acharya Sreedhara Shasthry, V. Govinda Das. Advisory Board: Acharya Aryabhaskarji, Brigadier (Retd) Chitranjan Sawant, Dr. Vivek Arya, Vanaprasthi Raju Poonjar. Vyvasthapakan: P. Sivasankaran. For private circulation among members only.
E-mail: dayanandasandesam@gmail.com Visit us : aryasandesam.blogspot.in Ph: 09562529095